"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് ഭവന പദ്ധതി -ശ്രീമതി. ജയന്തി, ശ്രീമതി. ചന്ദ്രിക, ശ്രീമതി ശകുന്തള, എന്നിവർക്ക് കുടുംബങ്ങളുടെ സാഹചര്യം കണക്കിലെടുത്ത് ധനസഹായം നൽകുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.1121/2021/LSGD തീയതി,തിരുവനന്തപുരം, 10/06/2021

---

പരാമർശം:- 1 പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12/06/2020 തീയതിലെ കത്ത്.

2 നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 13/3/2020 തീയതിലെ 8(1),8(2) എന്നീ നമ്പരുകളിലായുള്ള തീരുമാനങ്ങൾ.

3. 24-06-2020 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം നം.4.37.

**ഉത്തരവ്**

ലൈഫ് മിഷൻ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്നവരുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഭവന നിർമ്മാണ ധന സഹായം നൽകണമെന്ന് പരാമർശം (1)(2) എന്നിവ പ്രകാരം ശുപാർശ ചെയ്തിരുന്നു-

| | | | |
|---|---|---|---|
| 1. | ശ്രീമതി ജയന്തി, W/o ഗംഗാധരൻ, കേണംപുള്ളി | 1. | ലൈഫ് രണ്ടാം ഘട്ട ലിസ്റ്റിൽ ഉണ്ടായിരുന്നു. എന്നാൽ കുടുംബ റേഷൻ കാർഡിലാണ് പേര് ഉൾപ്പെട്ടിരിക്കുന്നത്. അതിനാൽ അർഹതാ ലിസ്റ്റിൽ ഇല്ല. ഇവർ വൃക്ക രോഗിയും ആഴ്ചയിൽ 3 പ്രാവശ്യം ഡയാലിസിസ് നടത്തുന്നവരുമാണ്. |

| | | | |
|---|---|---|---|
| 2. | ശ്രീമതി. ചന്ദ്രിക, W/o വിശ്വനാഥൻ, വെളിയമ്പളം | 2. | ലൈഫ് ലിസ്റ്റിൽ ഇല്ല മകളുടെ വൃക്കകൾ തകരാറിലായതിനാൽ അപേക്ഷകയുടെ വൃക്ക മാറ്റി വച്ചതാണ്. ഭർത്താവ് തളർവാതം വന്ന് കിടപ്പിലാണ്. |
| 3 | ശ്രീമതി.ശകുന്തള, W/o കൃഷൻ(Late), തെക്കും മുറി | 3. | ലൈഫ് ലിസ്റ്റിൽ ഇല്ല ശകുന്തളയുടെ ഭർത്താവ് എയ്ഡ്സ് രോഗം വന്ന് മരണപ്പെട്ടു. മകൾ രോഗിയാണ്. |

സർക്കാർ ഈ വിഷയം വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (3) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ കുടുംബങ്ങളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ധനസഹായം നൽകുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C S Sreekala
Joint Secretary

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട് .

സെക്രട്ടറി, നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്ത്.

ശ്രീമതി ജയന്തി, W/o ഗംഗാധരൻ, കേണംപുള്ളി (നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്ത് മുഖാന്തിരം ).

ശ്രീമതി. ചന്ദ്രിക, W/o വിശ്വനാഥൻ, വെളിയമ്പളം (നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്ത് മുഖാന്തിരം ).

ശ്രീമതി.ശകുന്തള, W/o കൃഷൻ(Late),തെക്കും മുറി (നല്ലേപ്പിള്ളി ഗ്രാമ പഞ്ചായത്ത് മുഖാന്തിരം ).

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Reenamma P A

Date: 10-06-2021 15:52:31

Reason: Approved

സെക്ഷൻ ഓഫീസർ